"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രസിദ്ധീകൃത കരട് "വർക്കല മാസ്റ്റർ പ്ലാൻ 2041"- ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയ പരിധി നീട്ടി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.98/2026/LSGD തീയതി,തിരുവനന്തപുരം, 03-06-2026

പരാമർശം:-

1. സ.ഉ(കൈ) നമ്പർ. 205/2025/LSGD, തീയതി 06/11/2025
2. വർക്കല നഗരസഭ സെക്രട്ടറിയുടെ 18/04/2026 തീയതിയിലെ PW2/5191/2020 നമ്പർ കത്ത്.
3. ചീഫ് ടൗൺ പ്ലാനർ( പ്ലാനിംഗ്)-ടെ 08/05/2026 തീയതിയിലെ LSGD/PD/23160/2023-TCPB4 നമ്പർ കത്ത്.

**ഉത്തരവ്**

"വർക്കല മാസ്റ്റർ പ്ലാൻ, 2041" -ന്റെ കരട് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. കരട് "വർക്കല മാസ്റ്റർ പ്ലാൻ 2041"-ന്മേലുള്ള ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ വർക്കല നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനുള്ള കാലാവധി 18/04/2026 വരെ യായിരുന്നു. എന്നാൽ നിയമസഭാ ഇലക്ഷൻ നടപടി ക്രമങ്ങൾ നടന്നു വന്നതിനാൽ പൊതുജന അഭിപ്രായം വളരെ കുറച്ചു മാത്രമാണ് ലഭ്യമായതെന്നും ആയതിനാൽ പ്രസ്തുത കാലാവധി ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നും വർക്കല നഗരസഭ സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. 17/02/2026 ന് വർക്കല നഗരസഭ പ്രസിദ്ധീകരിച്ച കരട് "വർക്കല മാസ്റ്റർ പ്ലാൻ-2041"-ന്മേലുള്ള ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 30 ദിവസം കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ഉം പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36 (11) പ്രകാരം ചീഫ് ൺ പ്ലാനറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചട്ടം 36 (3) മുതൽ (8) വരെ നിർദേശിച്ചിട്ടുള്ള സമയ പരിധി പരമാവധി ആറു മാസം കവിയാതെയുള്ള കാലയളവിലേക്ക് സർക്കാരിന്

ദീർഘിപ്പിക്കുവാനുള്ള അധികാരമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരട് "വർക്കല മാസ്റ്റർ പ്ലാൻ 2041" പ്രസിദ്ധീകരിച്ചതിന് ശേഷം വിശദമായ പൊതുജന അഭിപ്രായം തേടാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം മുൻനിർത്തി, 19/4/2026 തീയതി മുതൽ 30 ദിവസം കൂടി പ്രസ്തുത കരടിന്മേൽ ആക്ഷേപങ്ങൾ/അഭിപ്രായങ്ങൾ തേടുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, തിരുവനന്തപുരം.
സെക്രട്ടറി, വർക്കല നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 03-06-2026 15:03:39
സെക്ഷൻ ഓഫീസർ